## കൃഷി ഡയറക്ടറുടെ നടപടിക്രമം,
## കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം

**(ഹാജർ : ആർ. അജിത് കുമാർ)**

വിഷയം : കൃഷി - ജീവനക്കാര്യം - സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II ലേയ്ക്കുള്ള നിയമനം - കൃഷി അസിസ്റ്റന്റ് ശ്രീ. സുമേഷ് കൃഷ്ണന്റെ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം: 1. കൃഷി ഡയറക്ടറുടെ 31.12.2014-ലെ ഇതേ നമ്പർ ഉത്തരവ്.
2. കൃഷി ഡയറക്ടറുടെ 29.08.2014-ലെ എസ്.ഇ(1) 39088/14 എന്ന നമ്പർ ഉത്തരവ്.

**ഉത്തരവ് നം. എസ്.എച്ച് (2) 34015/14/21.01.2015.**

തിരുവനന്തപുരം കുറ്റിച്ചൽ കൃഷിഭവനിലെ കൃഷി അസ്സിസ്റ്റന്റ് ശ്രീ. സുമേഷ് കൃഷ്ണനെ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി എറണാകുളം ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബിൽ നിയമിച്ച് ഉത്തരവായിരുന്നു.

എന്നാൽ പ്രസ്തുത ഉത്തരവ് കാലയളവിൽ ഇൻഡ്യയ്ക്കകത്ത് മറ്റു തൊഴിൽ നേടുന്നതിനായി ശ്രീ. സുമേഷ് കൃഷ്ണന് അപ്പന്റിക്സ് 12 A കെ.എസ്.ആർ പാർട്ട് 1 പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി പരാമർശം (2) പ്രകാരം അനുവദിച്ചിട്ടുള്ളതും ടിയാൻ 29.08.2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1)-ലെ ഉത്തരവിലെ ക്രമ നം. 7 ആയ ശ്രീ. സുമേഷ് കൃഷ്ണന്റെ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം (1)-ലെ ഉത്തരവ് മേൽ പരാമർശിച്ച പ്രകാരം ഭേദഗതി ചെയ്തു കൂടി ഉത്തരവാകുന്നു.

**ഒപ്പ്**
**കൃഷി ഡയറക്ടർ**

ശ്രീ. സുമേഷ് കൃഷ്ണൻ,
കൃഷി അസിസ്റ്റന്റ് (മേലധികാരി മുഖേന)

പകർപ്പ് : പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം / എറണാകുളം
അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ്, എറണാകുളം
കൃഷി ഓഫീസർ, കൃഷിഭവൻ, കുറ്റിച്ചൽ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ (കൃഷി), ഐ.റ്റി.സെൽ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
എസ്.ഇ സെക്ഷൻ അറിവിലേയ്ക്കായി
സ്റ്റോക്ക് ഫയൽ / സ്പെയർ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**
ADMINISTRATIVE ASSISTANT
Directorate of Agriculture
Vikas Bhavan
Thiruvananthapuram

RDR/230115